**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5486**

**18.11.2019 ൽ**
**മറുപടിക്ക്**

## പോലീസ് സേനയിലെ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോർജ് എം. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് സേനയിലും പോലീസ് സ്റ്റേഷനുകളിലും വരുത്തിയ മാറ്റങ്ങളും ഘടനാപരമായ പരിഷ്കാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br>ബി) ഇതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | എ) യും ബി) യും അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരമേറ്റ ശേഷം പോലീസ് സേനയിലും, പോലീസ് സ്റ്റേഷനുകളിലും വരുത്തിയ പ്രധാനപ്പെട്ട ഘടനാപരമായ പരിഷ്കാരങ്ങളും മാറ്റങ്ങളും, ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ പദവി ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ മാരായി നിയമിച്ചിട്ടുണ്ട്.
2. പോലീസ് സ്റ്റേഷനുകളിലെ ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ച് വെവ്വേറെ സബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കിയിട്ടുണ്ട്.
3. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
4. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളേയും ബന്ധിപ്പിച്ചുകൊണ്ട് കുറ്റങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ദേശീയതലത്തിൽ നടപ്പിലാക്കി വരുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റംസ് (CCTNS) എന്ന പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്ക് 'തുണ' എന്ന സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായി വിവിധ സേവനങ്ങൾ പ്രദാനം ചെയ്തിട്ടുള്ളതാണ്.
5. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്ത്രീ, ശിശു, വയോജന സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. സ്ത്രീകൾക്കും, കുട്ടികൾക്കും, മുതിർന്ന പൗരൻമാർക്കും, വികലാംഗർക്കും വിശ്രമ സ്ഥലം, ടോയ് ലറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയെ മുൻ നിർത്തി പിങ്ക് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു.
6. അടിയന്തിര ഘട്ടങ്ങളിൽ വ്യക്തികൾക്ക് സഹായമെത്തിക്കാൻ വിവിധ എമർജൻസി നമ്പറുകൾക്ക് പകരമായി '112' എന്ന നമ്പർ ഉപയോഗിച്ചുള്ള ERSS (എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ) സംവിധാനം ആരംഭിച്ചു.
7. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.
8. ട്രാഫിക്ക് കേസുകളുടെ അന്വേഷണം ട്രാഫിക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്നും മാറ്റി ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിക്ഷിപ്തമാക്കി. നിലവിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും, ട്രാഫിക്ക് യൂണിറ്റുകളേയും ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർ നാമകരണം ചെയ്തു.
9. കേസന്വേഷണത്തിൽ സൈബർ വിഭാഗത്തിന്റെ സേവനം എല്ലാ സ്റ്റേഷനുകളിലും ഉപയോഗപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിന് പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി സൈബർ സ്റ്റേഷനുകൾ ആരംഭിച്ചു. ഇതിനായി 54 തസ്തികകളും സൃഷ്ടിച്ചു. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം, സൈബർ ഇടങ്ങളിലെ നിരീക്ഷണം എന്നിവയും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു.

10. സംസ്ഥാനത്ത് 6 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും, ഘടനയിലും ശിശു സൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുക എന്നുള്ളതാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

11. സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും പുന: സംഘടിപ്പിക്കുന്നതിനുമായി സ.ഉ.(കൈ) നം.162/2018/ആഭ്യന്തരം തീയതി 11.10.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രധാന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാന ക്രൈംബ്രാഞ്ചിൽ എല്ലാ ജില്ലകളിലും നിലവിൽ പോലീസ് സൂപ്രണ്ടുമാർ ഇല്ലാത്തതിനാൽ, കാസർഗോഡ്, വയനാട്,പത്തനംതിട്ട എന്നിവ ഒഴികെയുള്ള എല്ലാ ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരെ വിന്യസിക്കാൻ ഉത്തരവായിട്ടുണ്ട്.
- തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന 3 സെൻട്രൽ സൂപ്പർവൈസറി ഓഫീസുകൾ, റെയ്ഞ്ച് ഐ.ജി ഓഫീസുകളായി പുനർനാമകരണം ചെയ്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുവാൻ ഉത്തരവായിട്ടുണ്ട്.
- സങ്കീർണ്ണവും ജനശ്രദ്ധ ആകർഷിച്ചതുമായ (അന്തർജില്ലാ/അന്തർ സംസ്ഥാന ബന്ധങ്ങളുള്ള) കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു നൂതന നിർദ്ദേശമെന്ന നിലയിൽ ക്രൈംബ്രാഞ്ചിൽ, പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥൻ തലവനായി വരുന്ന 4 സെൻട്രൽ യൂണിറ്റുകൾ (തിരുവനന്തപുരം ആസ്ഥാനമായി 2 ഉം എറണാകുളം, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി 1 വീതവും) ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി എന്നീ സിറ്റി യൂണിറ്റുകളിൽ പോലീസ് കമ്മീഷണർമാരായി ഇൻസ്പെക്ടർ ജനറൽമാരെ നിയമിച്ചിട്ടുണ്ട്.

മേൽപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയതുമൂലം പോലീസിന്റെ കാര്യക്ഷമത വർദ്ധിക്കുകയും, പൊതുജനങ്ങൾക്ക് വേഗത്തിൽ മികച്ച പോലീസ് സേവനം ഉറപ്പാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റിയതിനുശേഷം ഗതാഗത നിയന്ത്രണം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾ മുഖേന ക്രമസമാധാന പാലനത്തിലും കുറ്റാന്വേഷണത്തിലും ഇന്ത്യയിലെ തന്നെ മികച്ച സംസ്ഥാനമായി മാറുവാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

---------------------------

[signature]
രാമചന്ദ്രൻ കടന്നപ്പള്ളി